പി.ജി.ഡി.സി.എ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) / ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ) / ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) എന്നീ കോഴ്സുകളുടെ പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ബന്ധപ്പെട്ടാൽ അറിയാം. കൂടാതെ ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിലും (www.ihrd.ac.in) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ ഏപ്രിൽ 21 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ പിഴ കൂടാതെയും ഏപ്രിൽ 28 വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം. ജൂണിലെ സപ്ലിമെന്ററി പരീക്ഷയ്ക്കായുള്ള പ്രത്യേകാനുമതി ആവശ്യമുള്ളവർ അപേക്ഷകൾ ഏപ്രിൽ 21നു മുമ്പും 200 രൂപ ലേറ്റ് ഫീയോടുകൂടി 28 വരെയും അതത് സ്ഥാപനമേധാവികൾ മുഖേന സമർപ്പിക്കണം. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല.

സ്വർണ്ണം ഗ്രാമിന് ₹ 8745

വിദ്യാഭ്യാസം പൊതുവാർത്തകൾ

email: chandrikakochi@gmail.com

കാലിക്കറ്റ് സർവകലാശാലാ പൊതുപ്രവേശന പരീക്ഷക്ക് അപേക്ഷിക്കാം

CAREER ചന്ദ്രിക

പി ടി ഫിറോസ്

കാലിക്കറ്റ് സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും സർവകലാശാല സെന്ററുകളിലെയും കോഴ്സുകളിലെ പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയായ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രലൈസ്ഡ് അഡ്മിഷൻ ടെസ്റ്റിന് (സിയുസിഇടി2025) ഏപ്രിൽ 15 വരെ www.admission.uoc.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം.

സർവകലാശാല പഠന വകുപ്പുകളിലെ പിജി പ്രോഗ്രാമുകൾ

● അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ഹിന്ദി ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ഫങ്ക്ഷണൽ ഹിന്ദി ആൻഡ് ട്രാൻസ്‌ലേഷൻ, മലയാളം ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, കംപാരറ്റീവ് ലിറ്ററേച്ചർ, സംസ്കൃത ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ഉറുദു, ഇക്കണോമിക്സ്, ഫോക് ലോർ, ഹിസ്റ്ററി, ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ, മ്യൂസിക്ക്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, വിമൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ്, എപിഗ്രഫി ആൻഡ് മാനുസ്ക്രിപ്റ്റോളജി എന്നിവയിൽ മാസ്റ്റർ ഓഫ് ആർട്സ് (എംഎ)

● കെമിസ്ട്രി, അപ്ലൈഡ് ജിയോളജി, ബോട്ടണി, അപ്ലൈഡ് സൈക്കോളജി, സുവോളജി, ബയോകെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ്, ഹ്യൂമൻ ഫിസിയോളജി, മാത്തമാറ്റിക്സ്, മൈക്രോബയോളജി, ഫിസിക്സ്, റേഡിയേഷൻ ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഫോറൻസിക് സയൻസ്, ബയോടെക്നോളജി, ഫിസിക്സ് (നാനോ സയൻസ്), കെമിസ്ട്രി (നാനോ സയൻസ്) എന്നിവയിൽ മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാം (എം.എസ്.സി)

● എം.കോം, മാസ്റ്റർ ഓഫ് ലൈബ്രറി & ഇൻഫോർമേഷൻ സയൻസ്, മാസ്റ്റർ ഓഫ് തീയേറ്റർ ആർട്സ്, എൽ.എൽ.എം (ഡബിൾ സ്പെഷ്യലൈസേഷൻ) ഇൻ ക്രിമിനൽ ലോ ആൻഡ് ബിസിനസ് ലോ

സർവകലാശാല സ്വശ്രയ കേന്ദ്രങ്ങളിൽ നടത്തുന്ന പ്രോഗ്രാം

● മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (എം.എസ്.ഡബ്ല്യൂ), മാസ്റ്റർ ഓഫ് കംപ്യൂട്ടർ അപ്ലിക്കേഷൻ (റെഗുലർ ആൻഡ് ഈവനിങ്ങ്)

അഫിലിയേറ്റഡ് കോളേജുകളിലെ പിജി പ്രോഗ്രാമുകൾ

● എം.എ ഇൻ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ, ഹെൽത്ത് ആൻഡ് യോഗാ തെറാപ്പി, ഫോറൻസിക് സയൻസ്, ജനറൽ ബയോടെക്നോളജി എന്നിവയിൽ എം.എസ്.സി, മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്

സർവകലാശാല ക്യാമ്പസിലെ ഇന്റഗ്രേറ്റഡ് പിജി പ്രോഗ്രാമുകൾ

● കെമിസ്ട്രി, ഫിസിക്സ്, ബോട്ടണി, സുവോളജി എന്നിവയിൽ ഇന്റഗ്രേറ്റഡ് എം.എസ്.സി, ഇക്കണോമിക്സ്, ഡെവലപ്മെന്റ് സ്റ്റഡീസ്, കംപാരറ്റീവ് ലിറ്ററേച്ചർ, സംസ്കൃത ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ എന്നിവയിൽ ഇന്റഗ്രേറ്റഡ് എംഎ, ഇന്റഗ്രേറ്റഡ് എം.ടി.എ (മാസ്റ്റർ ഓഫ് തീയേറ്റർ ആർട്സ്)

ഫിസിക്കൽ എജ്യുക്കേഷനൽ പ്രോഗ്രാമുകൾ

● ടീച്ചിങ് ഡിപ്പാർട്ട്മെന്റ് മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (എം.പി.എഡ്)

● യൂണിവേഴ്സിറ്റി സെന്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (ബി.പി.എഡ്), ബി.പി.ഇ.എസ് (ഇന്റഗ്രേറ്റഡ്)

● അഫിലിയേറ്റഡ് കോളജുകളിലെ പ്രോഗ്രാം എം.പി എഡ്, ബി.പി.എഡ്, ബി.പി.ഇ.എസ് (ഇന്റഗ്രേറ്റഡ്)

പ്ലസ്ടു യോഗ്യതയുള്ളവർക്ക് ഇന്റഗ്രേറ്റഡ് പിജി പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ബി.പി.ഇ.എസ് എന്നീ കോഴ്സുകളിൽ പ്രവേശനത്തിനും ബിരുദധാരികൾക്ക് മറ്റു കോഴ്സുകളിലെ പ്രവേശനത്തിനും അപേക്ഷിക്കാം. ഓരോ കോഴ്സും തിരഞ്ഞെടുക്കാൻ പ്ലസ്ടു/ഡിഗ്രി തലങ്ങളിൽ പഠിച്ചിരിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ വെബ്സൈറ്റിലുണ്ട്.

ഗ്രാമവികസനം പഠിക്കാൻ എൻഐആർഡിപി

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ ഹൈദ്രാബാദിൽ സ്ഥിതി ചെയ്യുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ആൻഡ് പഞ്ചായത്ത് രാജ് ഗ്രാമവികസന മേഖലയിലെ മികവിന്റെ കേന്ദ്രമായി അറിയപ്പെടുന്ന സ്ഥാപനമാണ്. ഗ്രാമീണ വികസന പ്രവർത്തകർ, ജനപ്രതിനിധികൾ, അക്കാദമിക മേഖലയിൽ പ്രവർത്തിക്കുന്നവർ, വിദ്യാർത്ഥികൾ എന്നിവരുടെ കഴിവും ശേഷിയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പഠന പരിശീലന ഗവേഷണ അവസരങ്ങൾ നൽകുക എന്നത് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യമാണ്

ഗ്രാമവികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനം ആഗ്രഹിക്കുന്നവർക്ക് അഡ്മിഷൻ നേടാവുന്ന രണ്ട് ശ്രദ്ധേയ കോഴ്സുകളിലെ പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം.

1) ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ റൂറൽ ഡെവലപ്മെന്റ് മാനേജ്മെന്റ് (പിജിഡിആർഡിഎം)

50 ശതമാനം മാർക്കോടെ ഡിഗ്രി വിജയിച്ചവർക്കും അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ ഗ്രൂപ് ഡിസ്കഷൻ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.

2) രണ്ട് വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ മാനേജ്മെന്റ് റൂറൽ മാനേജ്മെന്റ് (പിജിഡിഎംആർഎം)

50 ശതമാനം മാർക്കോടെ ഡിഗ്രി വിജയിച്ചവർക്കും അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. CAT / XAT / MAT / CMAT / GMAT / ATMA/CUET PG/ സംസ്ഥാന സർക്കാർ നടത്തുന്ന മാനേജ്മെന്റ് അഭിരുചി പരീക്ഷ എന്നിവയിൽ ഏതിലെങ്കിലും യോഗ്യത നേടിയിരിക്കണം.

ഈ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പൊതുവെ നല്ല രീതിയിലുള്ള പ്ലെയ്സ്മെന്റ് ലഭിക്കാറുണ്ട്. ഏപ്രിൽ 15നകം www.nirdpr.org.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

മുനമ്പം: അന്തിമ ഉത്തരവിറക്കുന്നതിൽ വഖഫ് ട്രൈബ്യൂണലിനെ വിലക്കി ഹൈക്കോടതി

കൊച്ചി : മുനമ്പംകേസിൽ അന്തിമ ഉത്തരവിറക്കുന്നതിൽ നിന്ന് കോഴിക്കോട് വഖഫ് ട്രൈബ്യൂണലിനെ വിലക്കി ഹൈക്കോടതി. വഖഫ് ബോർഡ് നൽകിയ അപ്പീൽ ഫയലിൽ സ്വീകരിച്ചാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്. വഖഫ് ബോർഡ് നൽകിയ ഹർജിയിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഫറൂഖ് കോളജിന് നോട്ടീസ് അയച്ചു. പറവൂർ സബ് കോടതിയിൽനിന്ന് രേഖകൾ വിളിച്ചുവരുത്തണമെന്ന ഹർജി തള്ളിയതിനെതിരായാണ് അപ്പീൽ. കേസിൽ വാദം തുടരുന്നതിന് തടസ്സമില്ല. വഖഫ് ബോർഡിന്റെ അപ്പീൽ ഹൈക്കോടതി മെയ് 26ന് പരിഗണിക്കും. മുനമ്പം വഖഫ് കേസിൽ കോഴിക്കോട് വഖഫ് ട്രൈബ്യൂണലിൽ വാദം തുടരുകയാണ്. മുനമ്പത്തെ ഭൂമി ഏറ്റെടുത്ത വഖഫ് ബോർഡിന്റെ ഉത്തരവാണ് ട്രൈബ്യൂണൽ പരിശോധിച്ചത് ഭൂമി വഖഫാണോ ദാനമാണോ എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ വരും ദിവസങ്ങളിൽ വഖഫ് ട്രൈബ്യൂണൽ പരിശോധിക്കും. കേസിന്മേൽ നിർണായക ചോദ്യങ്ങൾ വഖഫ് ട്രൈബ്യൂണലിന്റെ ഭാഗത്ത് നിന്ന് ഉയർന്നിരുന്നു. ഇതിന് ഫറൂഖ് കോളജ് മാനേജ്മെന്റ് മറുപടിയും നൽകിയിരുന്നു. 2019ലാണ് ഭൂമി വഖഫാണെന്ന് കണ്ട് രജിസ്റ്റർ ചെയ്യാനുള്ള നടപടി തുടങ്ങിയതെന്നും ഇതിന് മുൻപ് തന്നെ ഫറൂഖ് കോളജ് സ്ഥലവിൽപന നടത്തിയിരുന്നെങ്കിൽ ആ വിൽപന സാധുവാകില്ലേ എന്ന ചോദ്യം വഖഫ് ട്രൈബ്യൂണലിൽ ഉയർന്നിരുന്നു. ഇതിനിടെയാണ് വഖഫ് ബോർഡ് ഹൈക്കോടതിയെ സമീപിച്ചത്.

വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത ഭൂമിക്കല്ലേ വിൽപ്പന വിലക്ക് ബാധകമെന്ന ചോദ്യമാണ് വഖഫ് ട്രൈബ്യൂണൽ ഉയർത്തിയത്. മുനമ്പത്തെ ഭൂമി വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യാത്തതിന്റെ പശ്ചാത്തലത്തിലായിരുന്നു ചോദ്യം. മുനമ്പത്തെ ഭൂമി സിദ്ധീഖ് സേട്ട് ഫാറൂഖ് കോളജിന് വഖഫ് ചെയ്ത് നൽകിയെങ്കിലും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരുന്നില്ല. 2019ൽ വഖഫ് ബോർഡാണ് ഉത്തരവിലൂടെ ഭൂമി വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തത്. രജിസ്റ്റർ ചെയ്യുന്നതിന് മുമ്പത്തെ വിൽപ്പനയ്ക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ എന്ന ചോദ്യമാണ് ട്രൈബ്യൂണൽ ജഡ്ജ് രാജൻ തട്ടിൽ ഉന്നയിച്ചത് വഖഫ് ഭൂമി വിൽപ്പന പാടില്ല എന്ന നിയമം ബാധകമാവുക ബോർഡിൽ രജിസ്റ്റർ ചെയ്ത ഭൂമിക്കാണ്. ബോർഡിൽ രജിസ്റ്റർ ചെയ്യാതിരുന്ന സമയം ഫാറൂഖ് കോളജ് ഭൂമി വിറ്റിട്ടുണ്ടെങ്കിൽ ആ വിൽപ്പന സാധുവാകില്ലേ എന്ന ചോദ്യമാണ് ട്രൈബ്യൂണൽ ഉയർത്തുന്നത്.

റീയൂണിയൻ ദ്വീപുകളിൽ ചിക്കൻഗുനിയ വ്യാപിക്കുന്നു

കേരളത്തിൽ ജാഗ്രതാ നിർദേശം

തിരുവനന്തപുരം: ആഫ്രിക്കയുടെ കിഴക്കുഭാഗവുമായി ചേർന്ന് കിടക്കുന്ന ഫ്രഞ്ച് അധിനിവേശ പ്രദേശമായ റീയൂണിയൻ ദ്വീപുകളിൽ ചിക്കൻഗുനിയ വ്യാപനം ഉണ്ടായ സാഹചര്യത്തിൽ കേരളത്തിൽ ആരോഗ്യവകുപ്പ് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. 2006-2007 കാലഘട്ടത്തിലാണ് ഇതിനുമുമ്പ് വ്യാപകമായ ചിക്കൻഗുനിയ ബാധ ഉണ്ടായത്. അന്ന് റീയൂണിയൻ ദ്വീപുകളിൽ തുടങ്ങി കേരളം ഉൾപ്പെടെ ഏഷ്യൻ രാജ്യങ്ങളിലേക്ക് രോഗം വ്യാപിക്കുകയായിരുന്നു.

എണ്ണത്തിൽ അത്രത്തോളം ഇല്ലെങ്കിലും റീയൂണിയൻ ദ്വീപുകളിൽ ഇപ്പോൾ ചിക്കൻഗുനിയയുടെ വ്യാപനമുണ്ട്. പതിനയ്യായിരത്തോളം ആളുകൾക്ക് രോഗബാധ സ്ഥിരീകരിക്കുകയും നവജാതശിശുക്കൾ ഉൾപ്പെടെ ഒട്ടേറെ ആളുകൾ ആശുപത്രികളിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് ലോകാരോഗ്യ സംഘടന വിദഗ്ധരുടെ യോഗം വിളിച്ചു ചേർക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയത്.

സംസ്ഥാനത്തെ പ്രതിരോധം ശക്തമാക്കാൻ ജില്ലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഈഡിസ് ഈജിപ്തി/ആൽബോപിക്റ്റസ് കൊതുകുകളാണ് ചിക്കൻഗുനിയ പരത്തുന്നത്. അതിനാൽ കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വ്യക്തിഗത സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പെട്ടെന്നുള്ള കഠിനമായ പനി, സന്ധികളിൽ (പ്രത്യേകിച്ച് കൈകൾ, കണങ്കാലുകൾ, കാൽമുട്ടുകൾ) അതികഠിനമായ വേദന, പേശിവേദന, തലവേദന, ക്ഷീണം, ചില ആളുകളിൽ ചർമ്മത്തിൽ തടിപ്പുകൾ എന്നിവയാണ് ചിക്കൻഗുനിയയുടെ രോഗലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടേണ്ടതാണ്.

സ്വയം ചികിത്സ ഒഴിവാക്കണം. നീണ്ട് നിൽക്കുന്ന പനിയാണെങ്കിൽ വിദഗ്ധ ചികിത്സ തേടേണ്ടതാണ്. മുൻപ് ചിക്കൻഗുനിയ വന്നിട്ടുള്ളവർക്ക് പ്രതിരോധശക്തി ഉണ്ടാകാനാണ് സാധ്യത.

അതിനാൽ രോഗം ചെറുപ്പക്കാരെയും കൊച്ചുകുട്ടികളെയും കൂടുതൽ ബാധിക്കാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയില്ല. യൂണിയൻ ദ്വീപുകളിൽ നവജാത ശിശുക്കൾ ഉൾപ്പെടെ ബാധിക്കപ്പെട്ടു എന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചു കുഞ്ഞുങ്ങളെ കൊതുകു വലയ്ക്കുള്ളിൽ തന്നെ കിടത്തുന്ന കാര്യം ശ്രദ്ധിക്കണം.

വയനാട്: ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങി

കൊച്ചി: വയനാട് ചുരൽമല-മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസത്തിനു ടൗൺഷിപ്പ് നിർമിക്കാനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങി. ടൗൺഷിപ്പ് നിർമിക്കാനായി എൽസ്റ്റൺ എസ്റ്റേറ്റ് ഏറ്റെടുക്കാമെന്നും ഇതിനായി നേരത്തെ നൽകിയ തുകയ്ക്കു പുറമെ 17 കോടി രൂപ കൂടി സർക്കാർ കെട്ടിവയ്ക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു. ഹൈക്കോടതി രജിസ്ട്രാർ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഈ തുക എസ്റ്റേറ്റ് ഉടമകൾക്ക് പിൻവലിക്കാമെന്നും ചീഫ് ജസ്റ്റിസ് നിധിൻ ജാംദാർ, ജസ്റ്റിസ് എസ്. മനു എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഹാരിസൺ, എൽസ്റ്റൺ എസ്റ്റേറ്റുകൾ നൽകിയ ഹർജികൾ ഫയലിൽ സ്വീകരിച്ചു. ഹർജികൾ ജൂലൈയിൽ പരിഗണിക്കും. എൽസ്റ്റൺ എസ്റ്റേറ്റിന്റെ 78.73 ഹെക്ടർ ഭൂമി 26.5 കോടി രൂപയ്ക്കാണ് സർക്കാർ ഏറ്റെടുത്തതെന്നും ഇതു തീരെ കുറവാണെന്നും 549 കോടി മൂല്യമുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് എൽസ്റ്റൺ എസ്റ്റേറ്റ് ഉടമകൾ ഹൈക്കോടതിയെ സമീപിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ മൂല്യനിർണയം നടത്തി ഭൂമി കൈവശം എടുക്കുകയാണ് സർക്കാർ ചെയ്യുന്നതെന്നും 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം നഷ്ടപരിഹാരം നൽകണമെന്ന് സിംഗിൾ ബെഞ്ച് നിർദേശിച്ച പിന്നാലെ സർക്കാർ ന്യായവില കൂറച്ചു എന്നും എസ്റ്റേറ്റ് ഉടമകൾ ചൂണ്ടിക്കാട്ടിയിരുന്നു. എസ്റ്റേറ്റിലെ തേയിലച്ചെടികൾക്ക് 82 കോടി രൂപയും ഫാക്ടറി കെട്ടിടങ്ങൾക്ക് 20 കോടിയും മൂല്യം വരും. ക്വാർട്ടേഴ്സ് ഉൾപ്പെടെ കെട്ടിടങ്ങൾ ഉണ്ടെന്നും എൽസ്റ്റൺ അറിയിച്ചു. എന്നാൽ സമീപകാലത്തു നടന്ന 10 ഭൂമി ഇടപാടുകളുടെ രേഖകൾ പരിശോധിച്ചാണ് നഷ്ടപരിഹാരം കണക്കാക്കിയതെന്നും കോടതി ആവശ്യപ്പെട്ടാൽ ന്യായ വില കണക്കാക്കി നഷ്ടപരിഹാരം നൽകാൻ തയാറാണെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. ന്യായവില കണക്കാക്കുന്നതിൽ ചെറിയ മാറ്റമുണ്ടെന്നും ഇതു പ്രകാരം എസ്റ്റേറ്റ് ഉടമകൾക്ക് 16 കോടി രൂപ കൂടി ഉൾപ്പെടുത്തി 42 കോടി രൂപ നൽകാൻ കഴിയുമെന്നും സർക്കാർ അറിയിച്ചിരുന്നു.

കൈനിറയെ ഓഫറുമായി ലുലുവിൽ വിഷു സെയിൽ

കൊച്ചി: ഉപഭോക്താക്കൾക്ക് വിഷുകൈനീട്ടവുമായി ലുലുമാളിൽ വിഷു ഓഫർ സെയിൽ ആരംഭിച്ചു. ലുലു ഹൈപ്പർമാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങൾക്കും പലവഞ്ജന സാധനങ്ങൾക്കും വിവിധതരം ബ്രാൻഡുകളുടെ റെഡിമിക്സ് പായസപാക്കറ്റുകളും വിലക്കുറവിൽ ലഭ്യമാകും.

വിഷുക്കണിക്കാവശ്യമായ കണി വെള്ളരി, മുന്തിരി, തേങ്ങ, മാമ്പഴം, പഴം തുടങ്ങിയവയെല്ലാം ലഭിക്കും. കൂടാതെ www.luluhypermarket.in വെബ് സൈറ്റ് വഴിയും 7306112599 എന്ന വാട്സ് ആപ്പ് നമ്പർ വഴിയും ലുലു കണി കിറ്റും സദ്യയും മുൻകൂട്ടി ഓർഡർ ചെയ്യാം. 449 രൂപയാണ് വിഷു സദ്യയുടെ വില. പാലട പ്രഥമനും , പരിപ്പ് പ്രഥമനും കറിക്കൂട്ടുകളും അടക്കം 25ലധികം വിഭവങ്ങൾ അടങ്ങുന്നതാണ് ലുലുവിലെ സ്പെഷ്യൽ വിഷുസദ്യ. കസവ് മുണ്ടും കണ്ണാടിയും കണിവെള്ളരിയും അടങ്ങുന്ന വിഷുക്കണി കിറ്റ് 799 രൂപയ്ക്ക് ലുലു ഹൈപ്പർമാർക്കറ്റിൽ നിന്ന് സ്വന്തമാക്കാം. മുൻകൂട്ടി ബുക്കിങ്ങിലൂടെ നേരിട്ടും ഓൺലൈൻ വഴി ഹോം ഡെലിവറിയിലൂടെയും 10 കിലോമീറ്റർ പരിധിയിൽ സദ്യയും വിഷുകിറ്റും എത്തിച്ചു നൽകും. വിഷുക്കണി കിറ്റ് പ്രി ബുക്കിങ് ഏപ്രിൽ 12 വരെ സ്വീകരിക്കും. 14ന് രാവിലെ 10 മുതൽ സദ്യ വാങ്ങാം. വിഷുസദ്യയ്ക്കായി ഏപ്രിൽ 13വരെ ബുക്കിങ്ങ് സൗകര്യമുണ്ട്.

ലുലു ഹൈപ്പർമാർക്കറ്റിലേക്ക് എത്തുന്ന ഉപഭോക്താക്കൾക്ക് 17 തരം പായസങ്ങളുമായി പായസമേളയും ഒരുക്കിയിട്ടുണ്ട്. വിഷുക്കൈനീട്ടം ഒരുക്കി ലുലു കണക്കിൽ വമ്പിച്ച ഓഫറാണ് എസികൾക്കും മറ്റ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കും പ്രഖ്യാപിച്ചിരിക്കുന്നത്. ലോകോത്തര ബ്രാൻഡുകളുടെ എസികൾ കുറഞ്ഞ ഇ.എം.ഐ.എയിലൂടെ സ്വന്തമാക്കാം.

അങ്ങാടി നിലവാരം

സ്വർണം പവന് 69960 രൂപ

കൊച്ചി

വെളിച്ചെണ്ണ: മില്ലിങ്	27100
വെളിച്ചെണ്ണ	26600
കൊപ്ര	17600-17800
പിണ്ണാക്ക് എക്സ്പെല്ലർ	3800
പിണ്ണാക്ക് റോട്ടറി	4000
കുരുമുളക് അൺഗാർബിൾഡ്	71300
പുതിയ കുരുമുളക്	70300
കുരുമുളക് ഗാർബിൾഡ്	73300
ചുക്ക് മീഡിയം	32500
ചുക്ക് ബെസ്റ്റ്	35000
മഞ്ഞൾ നാടൻ	ഇല്ല
സേലം-ഈറോഡ്	15500-16000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	38000
അടയ്ക്ക പുതിയത്	35000
പഞ്ചസാര	4400
മുളക്	19000
ഉഴുന്ന്	10900-11600
ചെറുപയർ	9600-11200
കടല	8800-10000
മുതിര	7700
എള്ള്	25000
മല്ലി	7800-9200
പച്ചരി നമ്പർ 1	4700
പുഴുക്കലരി (ജയ)	4200-5000
ജാതിക്ക തൊണ്ടൻ	200-260
തൊണ്ടില്ലാത്തത്	520-600
ജാതിപത്രി ചുവപ്പ്-മഞ്ഞ	1100-1300
ജാതിഫ്ളവർ ചുവപ്പ്	1200-1800
ജാതിഫ്ളവർ മഞ്ഞ	1300-1900
ഗ്രാമ്പൂ	800- 910

കാലടി വിപണി

ജാതിക്ക തൊണ്ട്	180-250
,, തൊണ്ടില്ലാത്തത്	530-600
ജാതിപത്രി ചുവപ്പ്-മഞ്ഞ	1100-1300
ജാതിഫ്ളവർ ചുവപ്പ്-മഞ്ഞ	1200-1900

റബ്ബർ മാർക്കറ്റ് കൊച്ചി

ആർ.എസ്.എസ് 5 -	18700 - 19300
ആർ.എസ്.എസ് 4 -	19700
ഒട്ടുപാൽ -	12700
ലാറ്റക്സ് -	13000

സ്വർണ്ണ വിപണി

കൊച്ചി

സ്വർണ്ണം	69960
ഗ്രാം	8745

റബർ കോട്ടയം

ആർ.എസ്.എസ് -	4 --19700
ആർ.എസ്.എസ് -	5 --19400
ഐ.എസ്.എൻ.ആർ-	20 -18000
60% ലാറ്റക്സ്-	13630

വ്യാപാരി വില

ആർ.എസ്.എസ് 4-	19400
ആർ.എസ്.എസ് 5-	19100

ജോസ്കോ ജുവല്ലേഴ്സ് നവീകരിച്ച ഷോറും ഉദ്ഘാടനം ഇന്ന്

കൊച്ചി: ജോസ്കോ ജുവല്ലേഴ്സിന്റെ നവീകരിച്ച കൊച്ചി എം.ജി റോഡ് ഷോറും ഇന്ന് രാവിലെ 10.30ന് സിനിമാതാരം മഹിമ നമ്പ്യാർ ഉദ്ഘാടനം ചെയ്യും.

നിർവഹിക്കും വ്യത്യസ്തമായ ഷോപ്പിംഗ് അനുഭവത്തോടൊപ്പം അത്യാകർഷകമായ കളക്ഷനുകളും ഓഫറുകളും സമ്മാനങ്ങളുമാണ് ഉപഭോക്താക്കൾക്കായി കൊച്ചിയിലെ നവീകരിച്ച എം ജി റോഡിലുള്ള ജോസ്കോ ജുവല്ലേഴ്സിൽ ഒരുക്കിയിരിക്കുന്നതെന്ന് എം.ഡിയും സി.ഇ.ഒയുമായ ടോണി ജോസ് അറിയിച്ചു.

ഇന്ന് പർച്ചേസ് ചെയ്യുന്നവർക്ക് അന്നത്തെ സ്വർണവിലയിൽ നിന്ന് ഗ്രാമിന് 100 രൂപ കുറച്ച് പർച്ചേസ് ചെയ്യാനുള്ള അതുല്യമായ അവസരവും ഉപഭോക്താക്കളെ കാത്തിരിക്കുന്നു. കൂടാത